പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1245

08.02.2013 ൽ
മറുപടിക്ക്

## സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പൂഴി വിൽപന കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പൂഴി വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ഇവ പ്രവർത്തിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | (ബി) | ഇവ പ്രവർത്തിക്കുന്നതിന് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും ഡീലേഴ്സ് ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിലേക്ക് പൂഴി ലഭിക്കുന്നത് എവിടെ നിന്നാണെന്ന് പരിശോധന നടത്താറുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കണ്ണൂരിലെ വളപട്ടണം അഴിമുഖത്ത് നിന്നും മലപ്പുറത്തെ പൊന്നാനി അഴിമുഖത്ത് നിന്നുമാണ് മണൽ വിൽപ്പന കേന്ദ്രങ്ങളിലേക്ക് നിലവിൽ പൂഴി കൊണ്ട് വരുന്നത്. ആയത് സ്റ്റോക്ക് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും ടി മണൽ വിൽപ്പന കേന്ദ്രങ്ങളിൽ പരിശോധന നടത്താറുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളിൽ പൂഴിക്ക് കൊള്ളവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കേന്ദ്രങ്ങളിൽ പൂഴി വിൽപനയ്ക്കും, വില്പനയ്ക്ക് വില നിശ്ചയിക്കുന്നതും ആയി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ; | (ഇ) | മണൽ സംഭരിച്ച് വിൽപ്പന നടത്തുന്നതിന് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കാറുണ്ട്. പ്രസ്തുത മണൽ വിൽപ്പന കേന്ദ്രങ്ങളിൽ പൂഴി വിൽപ്പനയ്ക്കും വിൽപ്പനയ്ക്ക് വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഇത്തരം എത്ര വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (എഫ്) | നിലവിൽ കോഴിക്കോട് ജില്ലയിൽ 94 മണൽ സംഭരണ കേന്ദ്രങ്ങൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും ഡീലേഴ്സ് ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**